വിതരണം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതിനും നടപടികൾ ജില്ലാ ഭരണകൂടം എടുത്തുവരുന്നു.

(എഫ്) പുതുശ്ശേരി പഞ്ചായത്ത്, പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമട എന്നീ സ്ഥലങ്ങളിലാണ് അമിത ജലചൂഷണംകൊണ്ട് കുടിവെള്ള ക്ഷാമമുള്ളതായി റിപ്പോർട്ടുള്ളത്. പ്ലാച്ചിമട പ്രദേശങ്ങളിലെ ഭൂഗർഭ ജലത്തിന്റെ അളവും വിനിയോഗവും സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശാനുസരണമുള്ള പഠനങ്ങൾ നടന്നുവരുന്നു.

(ജി) അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.†

(എച്ച്) ഈ പദ്ധതികൾക്കായി വിദേശ സഹായമൊന്നുമില്ല. ഇവയിലെ ചില പദ്ധതികൾക്ക് എൽ.ഐ.സി. ധനസഹായവും സർക്കാർ ഫണ്ടുമുണ്ട്. വിശദവിവരം അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.† മറ്റു പദ്ധതികൾ കേന്ദ്ര സർക്കാർ സഹായമുള്ളവയാണ്. പദ്ധതി നടത്തിപ്പിനായി നെയ്യാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പ്രധാന പൈപ്പ്ലൈനിന്റേയും ശുദ്ധീകരണശാലയുടേയും തൊഴുക്കൽ മുതൽ നെയ്യാറ്റിൻകര ആലുംമൂട് ജംഗ്ഷൻ വരെയുള്ള പ്രധാന വിതരണക്കുഴലിന്റേയും പണി തുടങ്ങിക്കഴിഞ്ഞു. ഈ പണി പൂർണ്ണമായും 2006-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഐ) പദ്ധതി സംബന്ധിച്ച പ്രധാന വിവരങ്ങൾ അനുബന്ധത്തിൽ ലഭ്യമാണ്.†

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ജലവിതരണ പദ്ധതികൾ

62 [219] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, വി. ഡി. സതീശൻ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങൾ നിലവിൽ വരുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ എത്ര ജലവിതരണ പദ്ധതികളുണ്ടായിരുന്നു;

(ബി) അവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്രയെണ്ണം കൈമാറി;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനി എത്രയെണ്ണം കൈമാറാനുണ്ട്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളിൽ സ്വയം പര്യാപ്തമല്ലാത്തവയുടെ നടത്തിപ്പിന് ഗ്രാന്റ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള ശേഷിച്ച പദ്ധതികൾ എന്നേക്ക് കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1546 ജലവിതരണ പദ്ധതികളുണ്ടായിരുന്നു.

(ബി) 209.

(സി) 887.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമായി അടുത്ത സാമ്പത്തിക വർഷം മുതൽ ഒരു എഞ്ചിനീയറിംഗ് വിംഗ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഇ) സമയബന്ധിതമായി ഇവ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തുന്ന ശുദ്ധജല പദ്ധതികൾ

63 [220] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തി എത്ര ശുദ്ധജലവിതരണ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം, തിരുവനന്തപുരം ജില്ലയിൽ എത്ര ശുദ്ധജല പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) അവ ഏതെല്ലാം;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാലതാമസത്തിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ;

(എഫ്) കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly